**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജകമണ്ഡലത്തിൽ കോമൺ ഫെസിലിറ്റി സെന്റർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഈറ ഉല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്. കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഈറ ഉല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണ ത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനായി കേരള സ്റ്റേറ്റ് ബാംബൂ മിഷൻ ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ.ഉ (സാധാ) നം.578/2022/ വ്യവ തീയതി 22.06.2022, സ.ഉ (സാധാ) നം.638/ 2022/വ്യവ തീയതി 05.07.2022 എന്നിവ പ്രകാരം കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കാട്ടാക്കട കേന്ദ്രമാക്കി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; തുടർനടപടികൾ വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. കോർപ്പറേഷൻ കെ-ബിപ്പുമായി സഹകരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ